**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5878** **09-07-2024 - ൽ മറുപടിയ്ക്ക്**

**ഐ.ജി.എസ്.ടി. വളർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഐ.ജി.എസ്.ടി. വളർച്ച ഏഴ് ശതമാനം മാത്രമാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (എ) | 2022-23 സാമ്പത്തിക വർഷം 15855.33 കോടി രൂപയും (provisional) 2023-24 സാമ്പത്തിക വർഷം 16976.64 കോടി രൂപയുമാണ് (provisional) ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ചത്. അതിൻ പ്രകാരം 7.07% ആണ് ഐ.ജി.എസ്.ടി. വർദ്ധനവ് ഉണ്ടായിട്ടുള്ളത്.<br><br>സംയോജിത ചരക്കു സേവന നികുതി നിയമം, 2017 (Integrated Goods and Services Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമ പ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിന് തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ട പ്രകാരം ഇത് നടക്കുന്നു. ഓരോ ഐ.ജി.എസ്.ടി. സപ്ലൈ നൽകുന്ന വ്യക്തിയും സ്വന്തം സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയും, പ്രസ്തുത സപ്ലൈ ലഭിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താവ് റിട്ടേൺ ഫയൽ ചെയ്ത് എസ്.ജി.എസ്.ടി. ആയി അടച്ച നികുതിയുടെ ക്രെഡിറ്റ് ഉപയോഗിച്ച് എസ്.ജി.എസ്.ടി. അടയ്ക്കുകയും ചെയ്യുമ്പോൾ ഐ.ജി.എസ്.ടി. അടച്ച തുക ഉപഭോക്തൃ സംസ്ഥാനത്തിലേക്ക് സെറ്റിൽ ചെയ്യപ്പെടുന്നു. ഓൺലൈൻ മുഖേന നടക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ഇടപാടുകളിൽ "പ്ലേസ് ഓഫ് സപ്ലൈ" സപ്ലയർ കൃത്യമായി രേഖപ്പെടുത്തേണ്ടതുണ്ട്. ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് |

| | | | |
|---|---|---|---|
| | | | ജി.എസ്.ടി. നിയമവും ചട്ടവും നടപ്പിലാക്കിയിരിക്കുന്നത്. ഇങ്ങനെ ഐ.ജി.എസ്.ടി. സംസ്ഥാനത്തിന് ലഭിക്കാൻ റിട്ടേൺ ഫയലിംഗ് കൃത്യമായി നടക്കുന്നതിനായി, നിരവധി ട്രേഡ് സർക്കുലറുകളും, നിർദ്ദേശങ്ങളും സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. (Trade Circular No. 6/2020 dated 16-06-2020, Trade Circular No. 1/2021 dated 30-01-2021, Trade Circular No. 1/2022 dated 21-11-2022).<br><br>2023-24 സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഐ.ജി.എസ്.ടി. ഐ.ടി.സി. റിവേഴ്സൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നടത്തിയിരുന്നു. ഇതിനായി പ്രധാനപ്പെട്ട എല്ലാ നികുതിദായകരേയും ഇന്റലിജൻസ് വിങ്ങും ടാക്സ്പെയേഴ്സ് സർവീസസ് വിങ്ങും നിരീക്ഷിച്ചുവരുന്നു. ഐ.ടി.സി. റിവേഴ്സലുമായി ബന്ധപ്പെട്ട് നടത്തേണ്ട കാര്യങ്ങൾ സംബന്ധിച്ച് നികുതിദായകർക്ക് പ്രതിവാര പരിശീലനം നടത്തുന്നുണ്ട്. കൂടാതെ, ജി.എസ്.ടി. വരുമാനം കാര്യക്ഷമമാക്കുന്നതിനായി 2023 മേയിൽ ഐ.ജി.എസ്.ടി. ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം വകുപ്പിൽ ആരംഭിച്ചു. അവർ പ്രധാന അന്തർ സംസ്ഥാന നികുതിദായകരെ നിരീക്ഷിക്കുകയും അവരിൽ നിന്ന് സംസ്ഥാനത്തിന് ലഭ്യമാകേണ്ട ഐ.ജി.എസ്.ടി. വിഹിതത്തിന്റെ വരവ് നിരീക്ഷിച്ചും വരുന്നു. പ്ലേസ് ഓഫ് സപ്ലൈ-യുടെ അടിസ്ഥാനത്തിൽ ഐ.ജി.എസ്.ടി. കൃത്യമായി കൈമാറുന്നില്ല എന്നത് പരിശോധിക്കണമെന്ന് ജി.എസ്.ടി. കൗൺസിലിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ